20 സെപ്തംബർ 20 2026
വാല്യം. 36
ലക്കം. 17

മരുപ്പച്ച
സമകാലിക പത്രിക

maruppacha@yahoo.com
www.maruppacha.com
Published from Thiruvalla on 20-09-2026

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 10.00

മതപരിവർത്തന നിരോധന നിയമം റദ്ദുചെയ്യണം



ബംഗളൂരു: കർണാടകയിലെ മതപരിവർത്തന നിരോധന നിയമം റദ്ദുചെയ്യണമെന്ന് ആവശ്യപ്പെട്ട് ബംഗളൂരു ആർച്ചുബിഷപ് ഡോ. പീറ്റർ മച്ചാഡോയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം രാജ്യസഭാ പ്രതിപക്ഷ നേതാവും കോൺഗ്രസ് പ്രസിഡൻറുമായ മല്ലികാർജുൻ ഖർഗെക്ക് നിവേദനം നൽകി.

കർണാടകയിൽ അധികാരം ലഭിച്ചാൽ മതപരിവർത്തന നിരോധന നിയമം ഉൾപ്പടെയുള്ള എല്ലാ ഭരണഘടനാ വിരുദ്ധ നിയമങ്ങളും പിൻവലിക്കുമെന്ന് തിരഞ്ഞെടുപ്പ് സമയത്ത് കോൺഗ്രസ് വാഗ്ദാനം ചെയ്തിരുന്നു.

നവംബർ,ഡിസംബർ മാസങ്ങളിൽ നടക്കാനിരിക്കുന്ന കർണാടക നിയമസഭയുടെ ശൈത്യകാല സമ്മേളനത്തിൽ ഈ വിഷയം പരിഗണിക്കുമെന്ന് കർണാടക ആഭ്യന്തര മന്ത്രി പ്രിയങ്ക് ഖാർഗെ പ്രതിനിധി സംഘത്തിന് ഉറപ്പ് നൽകി. സംസ്ഥാന അസംബ്ലിയുടെ ഉപരിസഭയായ കർണാടക ലെജിസ്ലേറ്റീവ് കൗൺസിലിലെ നാമനിർദ്ദേശം ചെയ്യപ്പെടുന്ന 11 സീറ്റുകളിൽ കുറഞ്ഞത് ഒരു ക്രിസ്ത്യാ

(ശേഷം പേജ് 6)

മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും


മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്ത് ഈ ശുശ്രൂഷയിൽ സഹകരിക്കുക. മരുപ്പച്ചയുടെ പിഡിഎഫ് സൗജന്യമായി ലഭിക്കുവാൻ ആവശ്യപ്പെടുക.

9961720195

കൃത്രിമബുദ്ധി മനുഷ്യരാശിയുടെ നാശത്തിന് കാരണമാകുമോ?

ജെഫ്രി ഹിന്റൺ ഉൾപ്പെടെയുള്ള പ്രമുഖ ടെക് വിദഗ്ധരുടെ മുന്നറിയിപ്പുകൾ വീണ്ടും ചർച്ചയാകുന്നു

പി.എസ്. ചെറിയാൻ



ന്യൂയോർക്ക്: കൃത്രിമബുദ്ധി (എഐ) സാങ്കേതികവിദ്യയുടെ ദ്രുതഗതിയിലുള്ള വളർച്ച മനുഷ്യരാശിയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാകുന്ന തരത്തിലേക്ക് നീങ്ങുകയാണെന്ന് ടെക് വിദഗ്ദ്ധനായ പ്രൊഫസർ ജെഫ്രി ഹിന്റൺ മുന്നറിയിപ്പ് നൽകുന്നു. അതിശക്തമായ എഐ കംപ്യൂട്ടർ സിസ്റ്റങ്ങളുടെ വികസനം ഉടൻ നിയമനിർമ്മാണത്തിലൂടെ തടയണമെന്നും ഇവയുടെ മേലുള്ള നിയന്ത്രണം നഷ്ടപ്പെടുന്നത് മനുഷ്യരാശിയുടെ പൂർണ്ണമായ വംശനാശത്തിലേക്ക് അത് നയിച്ചേക്കാമെന്നും അദ്ദേഹം 'ദി ടൈംസി'ന് നൽകിയ അഭിമുഖത്തിൽ വ്യക്തമാക്കി.

കൃത്രിമ ബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മനുഷ്യജീവിതത്തെ മാറ്റിമറിക്കുന്ന വേഗതയിൽ മുന്നേറുമ്പോൾ, അതിന്റെ ഭാവി മനുഷ്യരാശിക്ക് അനുഗ്രഹമാകുമോ അതോ വലിയ ദുരന്തത്തിന് വഴിയൊരുക്കുമോ എന്ന ചോദ്യമാണ് ഉയരുന്നത്. എ.ഐ.യുടെ വളർച്ചയ്ക്ക് നിർണായക സംഭാവന നൽകിയ ശാസ്ത്രജ്ഞർ തന്നെയാണ് ഇപ്പോൾ അതിന്റെ നിയന്ത്രണാതീതമായ വളർച്ചയെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നത്.

എ.ഐ. രംഗത്തെ പ്രമുഖ ശാസ്ത്രജ്ഞനും 'എ.ഐ.യുടെ ഗോഡ്ഫാദർ' എന്നറിയപ്പെടുന്ന പ്രൊഫ. ജെഫ്രി ഹിന്റൺ, മനുഷ്യനേക്കാൾ ബുദ്ധിശക്തിയുള്ള എ.ഐ. സംവിധാനങ്ങൾ രൂപപ്പെടുന്ന സാഹചര്യം തള്ളിക്കളയാനാവില്ലെന്നും അത്തരം സംവിധാനങ്ങളെ മനുഷ്യനിയന്ത്രണത്തിൽ നിലനിർത്തുക വലിയ വെല്ലുവിളിയായിരിക്കുമെന്നും ആവർത്തിച്ച് മുന്നറിയിപ്പു നൽകി. ഹിന്റൺ നേരത്തെ മനുഷ്യരാശിക്ക് എ.ഐ. മൂലം അതീവ ഗുരുതരമായ അപകടമുണ്ടാകാനുള്ള സാധ്യത 10 മുതൽ 20 ശതമാനം വരെ ആയിരിക്കാമെന്ന് വ്യക്തിപരമായ കണക്കായി പറഞ്ഞിരുന്നു. എന്നാൽ ഇത് കൃത്യമായ ശാസ്ത്രീയ പ്രവചനം അല്ലെന്നും, ഇത്തരമൊരു സംഭവത്തെക്കുറിച്ച് കണക്കുകൂട്ടാൻ ആവശ്യമായ ചരിത്രപരമായ വിവരങ്ങൾ മനുഷ്യർക്കില്ലാത്തതി

(ശേഷം പേജ് 6)

സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡിന് പുതിയ നേതൃത്വം

റവ.സ്റ്റീവ് ജയരാജ് സൗത്ത് ഇന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സൂപ്രണ്ട്, പാസ്റ്റർ ഡോ. രവി മണി അസിസ്റ്റന്റ് സൂപ്രണ്ട്; പാസ്റ്റർ ഡോ. കെ.ജെ. മാത്യു ജനറൽ സെക്രട്ടറി

ചെന്നൈ: സൗത്ത് ഇന്ത്യാ അസംബ്ലീസ് ജനറൽ സൂപ്രണ്ടായി റവ. സ്റ്റീവ് ജയരാജ് തിരഞ്ഞെടുക്കപ്പെട്ടു. അസിസ്റ്റന്റ് സൂപ്രണ്ടന്റായി പാസ്റ്റർ ഡോ.രവി മണിയും ജനറൽ സെക്രട്ടറിയായി പാസ്റ്റർ ഡോ. കെ.ജെ. മാത്യുവും തെരഞ്ഞെടുക്കപ്പെട്ടു.

ചെന്നൈയിൽ നടന്ന 2026 2028 ലേക്കുള്ള സൗത്ത് ഇന്ത്യാ എ.ജി കോൺഫറൻസിലാണ് ഇവർ തിരഞ്ഞെടുക്കപ്പെട്ടത്. റവ. സ്റ്റീവ് ജയരാജ് ഏജി തമിഴ്







നാട് സിസ്ട്രിക്റ്റ് സൂപ്രണ്ടും സീനിയർ ശുശ്രൂഷകനുമാണ്.

ബാംഗ്ലൂർ വിക്ടറി ഇന്റർനാഷണൽ വർഷിപ്പ് സെന്റർ സഭാസ്ഥാപകനും സീനിയർ ശുശ്രൂഷകനുമാണ് പാസ്റ്റർ ഡോ.രവി മണി. കേരളത്തിലെ പ്രശസ്തമായ പെന്തക്കോസ്ത് ബൈബിൾ കോളേജായ പുനലൂർ ബെഥേൽബൈബിൾ കോളേജിന്റെ മുൻ പ്രിൻസിപ്പലും അസംബ്ലീസ് ഓഫ് ഗോഡ് സഭയിലെ സീനിയർ പാസ്റ്റർമാരിൽ ഒരാളുമാണ് പാസ്റ്റർ ഡോ.കെ.ജെ. മാത്യു.

ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷൻ ഡിസംബർ 2 മുതൽ 6 വരെ

തിരുവല്ല: ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷൻ ഡിസംബർ 2 മുതൽ 6 വരെ തിരുവല്ല ശാരോൻ ഗ്രൗണ്ടിൽ വച്ച് നടക്കും.വിവിധ കമ്മറ്റികളെ തിരഞ്ഞെടുത്തു. പ്രയർ: പാസ്റ്റർ ജോമോൻ ജെ, പാസ്റ്റർ ഷാജി പാപ്പച്ചൻ, പബ്ലിസിറ്റി: പാസ്റ്റർ റെജി പി സാമുവേൽ, പാസ്റ്റർ രാജീവ് ജി., പാസ്റ്റർ ജെ. പി. വെണ്ണിക്കുളം, ഫിനാൻസ്: പാസ്റ്റർ ജോർജ് വർഗീസ്, ബ്രദർ ജേക്കബ് വർഗീസ്, പാസ്റ്റർ ജേക്കബ് ജോർജ്, അറേഞ്ച്മെന്റ്സ്: പാസ്റ്റർ സാംസൺ പി തോമസ്, പാസ്റ്റർ ജോസ് ജോർജ്, ഫുഡ്: പാസ്റ്റർ സാം ഫിലിപ്പ്, ബ്രദർ എബ്രഹാം വർഗീസ്, മ്യൂസിക്: പാസ്റ്റർ ഫിന്നി ജേക്കബ്, പാസ്റ്റർ സാബു ഫിലിപ്പ്, ലൈറ്റ് & സൗണ്ട് : പാസ്റ്റർ ജോജു തോമസ്, പാസ്റ്റർ ബ്രിജി വർഗീസ്, അക്കോമഡേഷൻ: പാസ്റ്റർ പി എ അനിയൻ, പാസ്റ്റർ ജോസ് ജോർജ് കല്ലട, വിജിലൻസ് & മെഡിക്കൽ: പാസ്റ്റർ സജു മാവേലിക്കര, പാസ്റ്റർ റ്റി വി ജോൺസൻ, വോളന്റിയേഴ്സ്: പാസ്റ്റർ എം ജി മോനച്ചൻ, പാസ്റ്റർ അനീഷ് ജോർജ്, പാസ്റ്റർ ജോസ് പൊടികുഞ്ഞ്, തിരുമേശ: പാസ്റ്റർ എ ബ്രഹാം കുര്യാക്കോസ്, പാസ്റ്റർ റ്റി എം ഫിലിപ്പ്.

കൊച്ചുപ്പാപ്പൻ

ചിന്താ ജെറോമിന്റെ
'ഡോക്ടറേറ്റിനെ പറ്റി അന്വേഷിക്കും'
- വാർത്ത



പലരുടെയും
ഡോക്ടറേറ്റിനെപ്പറ്റിയും....

ലാറ്റിൻ അമേരിക്കയിൽ രക്തസാക്ഷിത്വം വരിച്ചത് 304 ക്രൈസ്തവർ

വത്തിക്കാൻ സിറ്റി: 21ാം നൂറ്റാണ്ടിൽ ലാറ്റിൻ അമേരിക്കയിൽ മാത്രം ക്രൈസ്തവ വിശ്വാസത്തിനും സാമൂഹിക നീതിക്കും വേണ്ടി ജീവൻ ബലി കഴിച്ചത് 304 ക്രൈസ്തവരെന്ന് ഔദ്യോഗിക കണക്ക്. വത്തിക്കാൻ സമാഹരിച്ചുകൊണ്ടിരിക്കുന്ന പുതിയ നൂറ്റാണ്ടിലെ രക്തസാക്ഷികളുടെ ആഗോള പട്ടികയിലാണ് കണക്കുകളുള്ളത്. വിശ്വാസം ഏറ്റുപറഞ്ഞതിന്റെ പേരിലും പാവപ്പെട്ടവർക്കായി നിലകൊണ്ടതിനും, സംഘടിത കുറ്റകൃത്യങ്ങൾക്കെതിരെ ശബ്ദമുയർത്തിയതിനും, പ്രകൃതി ചൂഷണങ്ങൾക്കെതിരെ പോരാടിയതിനുമാണ് ഇവർ കൊല്ലപ്പെട്ടതെന്ന് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. മിഷ്ണറിമാർക്ക്



പുറമെ സാധാരണക്കാരായ അല്മായരും ജീവൻ വെടിഞ്ഞവരുടെ പട്ടികയിലുണ്ട്. വിശുദ്ധരുടെ നാമകരണത്തിനായുള്ള വത്തിക്കാൻ ഡിക്കാസ്റ്ററിയുടെ പ്രീഫെക്റ്റ് കർദിനാൾ മാർസെല്ലോ സെമെരാരോയാണ് ഇതുസംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കിയത്. ക്രിസ്തു വിശ്വാസം ഏറ്റുപറഞ്ഞതിന് പുറമെ, മയക്കുമരുന്ന് മാഫിയകൾ, വനനശീകരണം, പ്രകൃതി വിഭവങ്ങളുടെ നിയമവിരുദ്ധമായ ചൂഷണം എന്നിവയ്ക്കെതിരെ ശബ്ദമുയർത്തിയതിനും അനേകർ കൊല്ലപ്പെട്ടു. ഗോത്രവർഗ്ഗ മേഖലകളിലെ വനനശീകരണത്തിനെതിരെയും അനധികൃത ഖനനങ്ങൾക്കെതിരെയും സുവിശേഷമൂല്യങ്ങൾ മുറുകെപ്പിടിച്ച് ഇവർ നിലകൊണ്ടപ്പോൾ, അത് ക്രിമിനൽ സാമ്പത്തിക താല്പര്യങ്ങൾക്ക് തടസ്സമായി മാറുകയായിരുന്നുവെന്നും അങ്ങനെയാണ് നരഹത്യ നടന്നതെന്നും കർദ്ദിനാൾ മാർസെല്ലോ സെമെരാരോ പറഞ്ഞു. ഈ നൂറ്റാണ്ടിൽ ലോകമെമ്പാടുമായി രക്തസാക്ഷിത്വം വരിച്ച 1,700ലധികം പേരുടെ വിവരങ്ങൾ വത്തിക്കാൻ ഔദ്യോഗികമായി രേഖപ്പെടുത്തിയിട്ടുണ്ട്.

ചെയർമാൻ
ജോൺ വർഗീസ്

ചീഫ് എഡിറ്റർ
അച്ചൻകുഞ്ഞ് ഇലന്തൂർ

ഓവർസീസ് എഡിറ്റർ
ഷാജി കാരയ്ക്കൽ

ജനറൽ എഡിറ്റർ
സ്റ്റാൻലി ജോർജ്

എക്സിക്യൂട്ടീവ് എഡിറ്റർ
ദീപ്തി അന്ന അച്ചൻകുഞ്ഞ്

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
റവ. ചാക്കോ ജോർജ്ജ്

അസോസിയേറ്റ് എഡിറ്റേഴ്സ്
ഷിബു മുള്ളംകാട്ടിൽ
വർഗീസ് മാത്യു
ചാർലീസ് മാത്യു
മാത്യൂസ് പി. ജോൺ
ജോസ് ഐക്കരപ്പടി
റെഞ്ചി ജേക്കബ് ജോർജ്
ബെന്നി കൊച്ചുവടക്കേൽ

സബ് എഡിറ്റേഴ്സ്
ജെസ്സി വർഗീസ്
ജെയ് തോമസ് മാലിയിൽ
പൊന്നമ്മ സാം


സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
റ്റീയെസ് കപ്പമാംമൂട്ടിൽ
റെജി വർഗീസ് വെണ്ണിക്കുളം
ജസ്റ്റസ് ചന്ദ്രബോസ്
സാം മാത്യു ന്യൂയോർക്ക്

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
ജിജി ബറോഡ
ജോൺ മത്തായി അതിരുങ്കൽ
ജെയിംസ് മേമന

കോ-ഓർഡിനേറ്റേഴ്സ്
മഞ്ഞു പീടിയേക്കൽ
ബെന്നി പാപ്പച്ചൻ ഒക്കലഹോമ
രാജൻ ഏബ്രഹാം
മോൻസി വളഞ്ഞവട്ടം ഡാളസ്സ്
ജോയി സാം ജേക്കബ് കാനഡ

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
വരിസംഖ്യ അയയ്ക്കേണ്ട വിലാസം
മരുപ്പച്ച
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 9961720195
maruppacha@yahoo.com
maruppacha@gmail.com



www.maruppacha.com

മരുപ്പച്ച

വെബ്സൈറ്റിൽ

Email: maruppacha @gmail.com
Whatsapp: 9961720195, 9961103983



ഷാജി
മാറാനാഥാ



വിശ്വാസാചരണം പ്രതിസന്ധിയിൽ: പശ്ചിമ ബംഗാൾ ക്രൈസ്തവർ

കിഴക്കൻ സംസ്ഥാനമായ പശ്ചി മബംഗാളിൽ ക്രൈസ്തവർ പ്രതിസന്ധി നേരിടുന്നു. സംസ്ഥാനത്തുടനീളം ക്രൈസ്തവർക്കെതിരെ പള്ളികൾക്കും സ്ഥാപനങ്ങൾക്കും നേരെയുണ്ടാകുന്ന നിരവധി ആക്രമണങ്ങളെത്തുടർന്ന് ബംഗാൾ ക്രിസ്ത്യൻ കൗൺസിൽ ക്രിസ്ത്യാനികളുടെ സുരക്ഷയെക്കുറിച്ച് ഭരണകൂടത്തോട് ആശങ്ക അറിയിച്ചു 'ഞങ്ങളുടെ പള്ളികൾക്കും സ്ഥാപനങ്ങൾക്കും നേരെ ആസൂത്രിതമായ ആക്രമണങ്ങൾ വർദ്ധിക്കുന്നതിൽ ഞങ്ങൾ വളരെയധികം ആശങ്കാകുലരാണ്,' ബംഗിയ ക്രിസ്തീയ പാരിസേബയുടെ (ബിസിപി അല്ലെങ്കിൽ ബംഗാൾ ക്രിസ്ത്യൻ കൗൺസിൽ) സ്ഥാപക അംഗം ഹെറോഡ് മുള്ളിക് പറഞ്ഞു.

മെയ് മാസത്തിന് ശേഷം സംസ്ഥാനത്തെ ക്രൈസ്തവർക്ക് നേരെ ആക്രമണം വലിയ തോതിൽ വർദ്ധിച്ചിരിക്കുകയാണ്. 'ആദ്യം ക്രിസ്ത്യാനികളെ ആക്രമിക്കുകയും തുടർന്ന് നിർബന്ധിത മതപരിവർത്തനം ആരോപിച്ച് അവർക്കെതിരെ വ്യാജ കേസുകൾ ഫയൽ ചെയ്യുകയും ചെയ്യുന്നു,' മുള്ളിക് പറഞ്ഞു. ഇരകൾക്കെതിരെ പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിനായി പ്രകോപനപരമായ സന്ദേശങ്ങളുള്ള വീഡിയോകൾ സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം ആരോപിച്ചു.

സംസ്ഥാനത്തെ നിരവധി ക്രിസ്ത്യാനികൾക്ക് ഈ സംഭവങ്ങൾ ഞെട്ടലുണ്ടാക്കിയിട്ടുണ്ടെന്ന് പേർ വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു മുതിർന്ന സഭാനേതാവ് പറഞ്ഞു. 'പശ്ചിമ ബംഗാളിലെ ജനങ്ങൾ പരമ്പരാഗതമായി വ്യത്യസ്ത വിശ്വാസങ്ങളോടുള്ള പരസ്പര ബഹുമാനത്തോടെ ഒരുമിച്ച് ജീവിച്ചുവരുന്നു. രാഷ്ട്രീയ വ്യത്യാസങ്ങൾ എല്ലായ്പ്പോഴും നിലനിന്നിരുന്നു, എന്നാൽ മുമ്പൊരിക്കലും ഇത്തരത്തിലുള്ള മതപരമായ ശത്രുത നമ്മൾ കണ്ടിട്ടില്ല' അദ്ദേഹം പറഞ്ഞു.

ജൂലൈ 4ന്, പശ്ചിമ മേദിനിപൂർ ജില്ലയിലെ പാൽബാരി പ്രദേശത്ത് ഒരു ചർച്ചിൽ നടന്ന നവദമ്പതികൾക്കു വേണ്ടിയുള്ള സ്തോത്രപ്രാർത്ഥന ഒരു ഹിന്ദു ദേശീയവാദ സംഘം തടസ്സപ്പെടുത്തി. പരിപാടിയിൽ പങ്കെടുത്ത അയൽക്കാരും ബന്ധുക്കളുമൊക്കെ അടങ്ങുന്ന ക്രിസ്ത്യാനികളും ഹൈന്ദവരുമായ സ്ത്രീകൾ ആക്രമണത്തിനിരയായി. ദമ്പതികളുടെ പരമ്പരാഗത വിവാഹ ചിഹ്നങ്ങളിൽ ചിലത് ബലപ്രയോഗത്തിലൂടെ നീക്കം ചെയ്യപ്പെട്ടു. പോലീസ് സ്ഥലത്തുണ്ടായിരുന്നെങ്കിലും അക്രമികളെ തടയുന്നതിൽ അവർ പരാജയപ്പെട്ടു. പകരം അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് ചർച്ചിലെ പാസ്റ്റർ അനുപ് ഘോഷിനെ കസ്റ്റഡിയിലെടുത്തു.

അടുത്ത ദിവസം അതായത് ജൂലൈ 5ന്, പുർബ ബർധമാൻ ജില്ലയിലെ കത്വ ഉപവിഭാഗത്തിന് കീഴിലുള്ള ഫരീദ്പൂർ കോളനിയിലെ ഗ്രേസ് ചർച്ച് ഞായറാഴ്ച ആരാധനയ്ക്കിടെ ആക്രമിക്കപ്പെട്ടു. സായുധരായ ജനക്കൂട്ടം ആരാധനാഹാൾ നശിപ്പിക്കുകയും, പാഴ്സനേജിനും സമീപ പാർപ്പിടങ്ങൾക്കും കേടുപാടുകൾ വരുത്തുകയും, പണം, മൊബൈൽ ഫോണുകൾ, ട്രോഫികൾ, പ്രധാനപ്പെട്ട രേഖകൾ എന്നിവ കൊള്ളയടിക്കുകയും ചെയ്തതായി സഭാധികാരികൾ പറഞ്ഞു.

അതേ ദിവസം തന്നെ, സൗത്ത് 24 പർഗാനാസ് ജില്ലയിലെ ബുരിബോട്ട് താലപ്രദേശത്ത് പുതുതായി നിർമ്മിച്ച മറ്റൊരു പള്ളിയും നശിപ്പിച്ചിരുന്നു. ബംഗാൾ ക്രിസ്ത്യൻ പരിസേബ പറയുന്നതനുസരിച്ച്, അക്രമികൾ പള്ളിയുടെ മേൽക്കൂരയിൽ സ്ഥാപിച്ചിരുന്ന കുരിശ് പൊളിച്ചുമാറ്റുകയും പ്രവേശനകവാടത്തിന് കേടുപാടുകൾ വരുത്തുകയും ചെയ്തു.

ക്രിസ്ത്യാനികൾക്കെതിരായ ആക്രമണങ്ങളിൽ പ്രതിഷേധിച്ച് ജൂലൈ 14 ന് സംസ്ഥാന തലസ്ഥാനമായ കൊൽക്കത്തയിൽ ബംഗാൾ ക്രിസ്ത്യൻ പരിസേബയുടെ നേതൃത്വത്തിൽ പ്രതിഷേധ റാലി സംഘടിപ്പിച്ചിരുന്നു.

നിർമ്മാണത്തിലിരിക്കുന്ന ചാപ്പലും സെമിത്തേരിയും പൊളിച്ചു നീക്കണമെന്നാവശ്യപ്പെട്ട് കന്യാസ്ത്രീകളെ ഭീഷണിപ്പെടുത്തിയ സംഭവമാണ് മറ്റൊന്ന്. ബരാസത്തിലെ ഓക്സിലിയം സലേഷ്യൻ സിസ്റ്റേഴ്സിന്റെ (എഫ്എംഎ) മഠത്തിന്റെ കോമ്പൗണ്ടിൽ അതിക്രമിച്ചു കയറിയ അറുപതോളം വരുന്ന സംഘമാണ് ഭീഷണിമുഴക്കിയത്. നിർമ്മാണത്തിലിരിക്കുന്ന ചാപ്പലും സെമിത്തേരിയും ഉടൻ പൊളിച്ചുനീക്കണമെന്നായിരുന്നു അക്രമികളുടെ ആവശ്യം.

മഠത്തിന്റെ കോമ്പൗണ്ടിനുള്ളിൽ നിർമ്മിക്കുന്ന ചാപ്പലിനും സലേഷ്യൻ സന്യാസിനി സമൂഹത്തിലെ അംഗങ്ങൾക്കായി നിർമ്മിക്കുന്ന സെമിത്തേരിക്കും ആവശ്യമായ അനുമതികൾ ലഭിച്ചതിനു ശേഷമാണ് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. എന്നാൽ സംസ്ഥാനത്ത് ഭരണമാറ്റം ഉണ്ടായതിനു പിന്നാലെ പദ്ധതിക്കെതിരെ വർഗ്ഗീയവാദികളായ ചിലർ രംഗത്തുവരികയായിരുന്നു. 'നിങ്ങളുടെ സർക്കാർ ഇപ്പോൾ അധികാരത്തിലില്ല, ഇത് ഞങ്ങളുടെ സർക്കാരാണ്.' എന്ന് ആക്രോശിച്ചാണ് അക്രമിസംഘം എത്തിയതെന്ന് ദൃക്സാക്ഷികൾ പറയുന്നു. പശ്ചിമ ബംഗാൾ സർക്കാർ ഉടൻ ഇടപെടണമെന്നും സലേഷ്യൻ സിസ്റ്റേഴ്സിനും അവരുടെ സ്ഥാപനങ്ങൾക്കും സുരക്ഷ ഉറപ്പാക്കണമെന്നും ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ (എഐസിയു) ആവശ്യപ്പെട്ടു.

ഓഗസ്റ്റ് 1ന്, നസാത്തിലെ 'ക്ലാരറ്റ് പ്രേമലോയ്' (സ്നേഹഭവനം) എന്ന സ്ഥാപനത്തിൽ ഇരച്ചെത്തിയ മറ്റൊരു സംഘം പ്രദേശം വിട്ടു



കിഴക്കൻ സംസ്ഥാനമായ പശ്ചിമബംഗാളിൽ ക്രൈസ്തവർ പ്രതിസന്ധി നേരിടുന്നു. സംസ്ഥാനത്തുടനീളം ക്രൈസ്തവർക്കെതിരെ പള്ളികൾക്കും സ്ഥാപനങ്ങൾക്കും നേരെയുണ്ടാകുന്ന നിരവധി ആക്രമണങ്ങളെത്തുടർന്ന് ബംഗാൾ ക്രിസ്ത്യൻ കൗൺസിൽ ക്രിസ്ത്യാനികളുടെ സുരക്ഷയെക്കുറിച്ച് ഭരണകൂടത്തോട് ആശങ്ക അറിയിച്ചു. നിർമ്മാണത്തിലിരിക്കുന്ന ചാപ്പലും സെമിത്തേരിയും പൊളിച്ചുനീക്കണമെന്നാവശ്യപ്പെട്ട് കന്യാസ്ത്രീകളെ ഭീഷണിപ്പെടുത്തിയ സംഭവമാണ് മറ്റൊന്ന്. ബരാസത്തിലെ ഓക്സിലിയം സലേഷ്യൻ സിസ്റ്റേഴ്സിന്റെ (എഫ്എംഎ) മഠത്തിന്റെ കോമ്പൗണ്ടിൽ അതിക്രമിച്ചു കയറിയ അറുപതോളം വരുന്ന സംഘമാണ് ഭീഷണിമുഴക്കിയത്. നിർമ്മാണത്തിലിരിക്കുന്ന ചാപ്പലും സെമിത്തേരിയും ഉടൻ പൊളിച്ചുനീക്കണമെന്നായിരുന്നു അക്രമികളുടെ ആവശ്യം.



(ശേഷം പേജ് 4)



വചനപ്രകാരം 22

പി.എസ്. ചെറിയാൻ

ക്രൈസ്തവ വിശ്വാസത്തിലും പുതിയ നിയമത്തിലും സഭാ ചരിത്രത്തിലും അത്യന്തം പ്രധാനപ്പെട്ട സ്ഥാനമുള്ള വ്യക്തിത്വമാണ് കന്യകമറിയം. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ മാതാവ് എന്ന നിലയിൽ, പുതിയനിയമ ഗ്രന്ഥങ്ങളിലും സഭയുടെ ആദ്യകാലം മുതലുള്ള ചരിത്രത്തിലും മറിയത്തിന് സവിശേഷമായ പദവി നൽകിയിട്ടുണ്ട്.

പുതിയ നിയമത്തിൽ നാലു സുവിശേഷങ്ങളിലും അപ്പൊസ്തലന്മാരുടെ പ്രവർത്തനങ്ങളിലും മറിയത്തെക്കുറിച്ച് വ്യക്തമായ പരാമർശങ്ങളുണ്ട്.

മംഗളവാർത്തയും ദൈവമാതൃത്വവും (ലൂക്കോ. 1:2638)

ഗബ്രിയേൽ മാലാഖ മറിയത്തിന് പ്രത്യക്ഷപ്പെട്ട് യേശുവിന്റെ ജനനത്തെക്കുറിച്ച് അറിയിക്കുന്ന ഭാഗമാണിത്. ദൈവത്തിന്റെ ഹിതത്തിന് 'ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ' എന്ന് പൂർണ്ണമായി കീഴടങ്ങിയ മറിയത്തിന്റെ വിനയവും വിശ്വാസവും ഇവിടെ കാണാം. 'കൃപ ലഭിച്ചവളേ' എന്നാണ് ദൂതൻ മറിയത്തെ വന്ദനം ചെയ്യുന്നത്.

എലിസബത്തുമായുള്ള കൂടിക്കാഴ്ചയും സ്തോത്രഗീതവും (Magnificat ലൂക്കോ. 1:3956)

എലിസബത്തിനെ സന്ദർശിക്കുമ്പോൾ മറിയം ചൊല്ലുന്ന മഗ്നിഫിക്കറ്റ് (Magnificta) എന്റെ ഉള്ളം കർത്താവിനെ മഹത്വപ്പെടുത്തുന്നു) എന്ന സ്തോത്രഗീതം ദൈവത്തിന്റെ കാരുണ്യത്തെയും എളിയവരെ ഉയർത്തുന്ന ദൈവിക നീതിയെയും പ്രകീർത്തിക്കുന്നതാണ്.

യേശുവിന്റെ ജനനവും ബാല്യകാലവും (മത്തായി 12, ലൂക്കോ. 2)

ബെത്ലഹേമിലെ പുൽക്കൂട്ടിലെ യേശുവിന്റെ ജനനം, ദൈവാലയത്തിൽ യേശുവിനെ സമർപ്പിക്കൽ, ദൈവാലയത്തിൽ കാണാതെപോയ പന്ത്രണ്ടുകാരനായ യേശുവിനെ കണ്ടെത്തൽ എന്നിവയിൽ മറിയത്തിന്റെ സാന്നിധ്യം പ്രധാനമാണ്. ഈ സംഭവങ്ങളെല്ലാം മറിയം 'തന്റെ ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചു കൊണ്ടിരുന്നു' എന്ന് സുവിശേഷകൻ കുറിക്കുന്നു.

കാനായിലെ കല്യാണം (യോഹന്നാൻ 2:1-11)

യേശുവിന്റെ പരസ്യജീവിതത്തിലെ ആദ്യ അത്ഭുതത്തിന് കാരണക്കാരി മറിയമാണ്. വീഞ്ഞു തീർന്നുപോയപ്പോൾ യേശുവിനോട് അപേക്ഷിക്കുകയും, 'അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വിൻ' എന്ന് വേലക്കാരോട് നിർദ്ദേശിക്കുകയും ചെയ്യുന്നതു കാണാം.

കുരിശിൻ ചുവട്ടിലെ മറിയം (യോഹന്നാൻ 19:2527)

യേശുവിന്റെ മരണസമയത്ത് കുരിശിൻ ചുവട്ടിൽ മറിയം ഉണ്ടായിരുന്നു. യേശു തന്റെ പ്രിയശിഷ്യനായ യോഹന്നാനെ ചുണ്ടി 'ഇതാ നിന്റെ അമ്മ' എന്നും മറിയത്തോട് 'ഇതാ നിന്റെ മകൻ' എന്നും പറഞ്ഞുകൊണ്ട് മറിയത്തെ സകല വിശ്വാസികളുടെയും മാതാവായി നൽകി.

ആദ്യകാല സഭയിൽ (അപ്പൊ. പ്രവൃ. 1:14)

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം, പെന്തെക്കൊസ്തു നാളിൽ അപ്പൊസ്തലന്മാരോടും മറ്റ് ശിഷ്യന്മാരോടുമൊപ്പം പ്രാർത്ഥനയിൽ ഒന്നിച്ചിരിക്കുന്ന മറിയത്തെ അപ്പൊസ്തലപ്രവർത്തനങ്ങളിൽ കാണാം. ആദിമസഭയിൽ മറിയം ഒരു വിശ്വാസിയും കർത്താവിനെ ആരാധിക്കുന്നവളും ആയിരുന്നു.

സഭാചരിത്രത്തിലെ കന്യക മറിയം

സഭയുടെ വളർച്ചയിലും ദൈവശാസ്ത്ര രൂപീകരണത്തിലും കന്യക മറിയത്തിനുള്ള സ്ഥാനം നൂറ്റാണ്ടുകളിലൂടെ വികസിച്ചുവന്നതാണ്. അഞ്ചാം നൂറ്റാണ്ടോടെയാണ് മറിയയെ ദൈവമാതാവ് എന്ന് വിളിച്ചത്. ദൈവമാതാവ് (Theotokos) എന്ന പദവി എ.ഡി. 431ൽ നടന്ന എഫെസൂസ് സൂനഹദോസ് (Council of Ephesus) മറിയത്തെ തെയോത്തോക്കോസ് (Theotokos) ദൈവമാതാവ്) എന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചു. യേശുക്രിസ്തു ഒരേസമയം പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമാണെന്ന ദൈവശാസ്ത്ര സത്യത്തിന്റെ ഉറപ്പിച്ചുപറയലായിരുന്നു ഈ പ്രഖ്യാപനം.

മധ്യസ്ഥത (Intercession)

ആദ്യകാല നൂറ്റാണ്ടുകൾ (എ.ഡി. രണ്ടാം നൂറ്റാണ്ട്) മുതൽ തന്നെ ക്രിസ്ത്യാനികൾ മറിയത്തിന്റെ മാധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിച്ചിരുന്നു. 'Sub Tuum Praesidium' (അങ്ങയുടെ സംരക്ഷണത്തിൽ) എന്നറിയപ്പെടുന്ന എ.ഡി. മൂന്നൂറോടടുത്ത് എഴുതപ്പെട്ട പ്രാർത്ഥന ഇതിന് തെളിവാണ്.

കത്തോലിക്കാ സഭാ ചരിത്രത്തിൽ മറിയത്തെക്കുറിച്ച് നാല് പ്രധാന വിശ്വാസസത്യങ്ങൾ (Marian Dogmas) നിർവ്വചിക്കപ്പെട്ടിട്ടുണ്ട്.

ദൈവമാതൃത്വം (Divine Motherhood)

യേശു ദൈവമായതുകൊണ്ട് മറിയം ദൈവമാതാവാണ് (എഫെസൂസ് സൂനഹദോസ്, 431).

നിത്യകന്യകാത്വം (Perpetual Virginity) യേശുവിന്റെ ജനനത്തിന് മുമ്പും ജനനസമയത്തും ജനനശേഷവും മറിയം കന്യകയായിരുന്നു (രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ്, 553).

അമലോദ്ഭവം (Immaculate Conception)

യേശുവിന്റെ മാതാവാകാൻ തിരഞ്ഞെടുക്കപ്പെട്ട മറിയം, ഉത്ഭവപാപത്തിന്റെ കറയില്ലാതെയാണ് ജനിച്ചത് (പിയൂസ് ഒൻപതാമൻ മാർപാപ്പ, 1854).

സ്വർഗ്ഗാരോപണം (Assumption of Mary)

മറിയം ഭൂമിയിലെ ജീവിതത്തിനുശേഷം ശരീരത്തോടും ആത്മാവോടും കൂടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു (പിയൂസ് പന്ത്രണ്ടാമൻ മാർപാപ്പ, 1950).

വിവിധ സഭകളിലെ കാഴ്ചപ്പാടുകൾ

കത്തോലിക്കാ, ഓർത്തഡോക്സ് സഭകൾ മറിയത്തിന് വളരെ ഉയർന്ന സ്ഥാനവും വണക്കവും (Veneration) നൽകുന്നു. ആരാധന (Worship) ദൈവത്തിന് മാത്രമാണെന്നും മറിയത്തിന് നൽകുന്നത് ആദരവാണെന്നും ഇവർ വ്യക്തമാക്കുന്നു.

പ്രൊട്ടസ്റ്റന്റ് സഭകൾ മറിയത്തെ യേശുവിന്റെ മാതാവെന്ന നിലയിൽ ആദരിക്കുമെങ്കിലും, മറിയത്തോടുള്ള പ്രാർത്ഥനയെയോ മാധ്യസ്ഥത്തെയോ അംഗീകരിക്കുന്നില്ല. യേശു മാത്രമാണ് ദൈവത്തിനും മനുഷ്യനും ഇടയിലുള്ള ഏക മധ്യസ്ഥൻ എന്ന് ഇവർ വിശ്വസിക്കുന്നു. സഭാചരിത്രത്തിൽ മറിയം വിശ്വാസത്തിന്റെ മാതൃകയായും, ആദ്യത്തെ ശിഷ്യയായും, ക്രിസ്തീയ സഭയുടെ പ്രതീകമായും വീക്ഷിക്കപ്പെടുന്നു. കന്യകമറിയം സഹരക്ഷകയോ മധ്യസ്ഥയോ അല്ലെന്ന് അടുത്ത കാലത്ത് മാർപാപ്പാ പ്രഖ്യാപിക്കയുണ്ടായി. മറിയം ആരാധനയ്ക്ക് യോഗ്യയല്ല, മറിച്ച് ആദരിക്കപ്പെടേണ്ടവളാണ്.

ദൈവഹിതത്തോടുള്ള പൂർണ്ണമായ അനുസരണവും യേശുവിനോടുള്ള വിശ്വസ്തതയുമാണ് മറിയത്തെ സഭാ ചരിത്രത്തിലെ ഏറ്റവും സ്വാധീനമുള്ള വ്യക്തിത്വങ്ങളിലൊന്നാക്കി മാറ്റിയത്.മറിയഭക്തിയും മറിയയെ സംബന്ധിച്ച വിശ്വാസ വിഷയങ്ങളും വചനപ്രകാരമുള്ളതല്ല. കർത്താവിന്റെ സ്ഥാനം മറിയത്തിന് നൽകുവാനും പാടുള്ളതല്ല.



ദൈവഹിതത്തോടുള്ള പൂർണ്ണമായ അനുസരണവും യേശുവിനോടുള്ള വിശ്വസ്തതയുമാണ് മറിയത്തെ സഭാ ചരിത്രത്തിലെ ഏറ്റവും സ്വാധീനമുള്ള വ്യക്തിത്വങ്ങളിലൊന്നാക്കി മാറ്റിയത്.മറിയഭക്തിയും മറിയയെ സംബന്ധിച്ച വിശ്വാസ വിഷയങ്ങളും വചനപ്രകാരമുള്ളതല്ല. കർത്താവിന്റെ സ്ഥാനം മറിയത്തിന് നൽകുവാനും പാടുള്ളതല്ല.

വിശ്വാസാചരണം പ്രതിസന്ധിയിൽ...

(1-ാം പേജ് തുടർച്ച)

പോകാൻ സ്ഥാപനത്തിന്റെ ചുമതല യുള്ള പ്രവർത്തകന് ഏഴ് ദിവസത്തെ അന്ത്യശാസനം നൽകികൊണ്ടുള്ള ഭീഷണി മുഴക്കി. പ്രദേശംവിട്ടുപോകണമെന്നും അല്ലെങ്കിൽ വലിയ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്ന ഭീഷണിയും ഇവർ മുഴക്കിയതായി സ്നേഹഭവനം സ്ഥാപനത്തിന്റെ ചുമതലയുള്ള ഫാ. അനുജ് ഹെംബ്രോം പറഞ്ഞു.

'നിങ്ങൾ എന്തിനാണ് ഇവിടെയുള്ളതെന്നുള്ള ചോദ്യമുയർത്തിയ ഇവർ, സ്ഥലം വിട്ടില്ലെങ്കിൽ ഏഴ് ദിവസത്തിനുള്ളിൽ തിരിച്ചുവന്ന് മിഷൻ കെട്ടിടം പുറത്തുനിന്ന് പൂട്ടിയിടുമെന്ന് ഭീഷണിപ്പെടുത്തുകയായിരുന്നു എന്ന് വൈദികൻ പറഞ്ഞു.

'അമേരിക്കയിലേക്കോ ന്യൂസിലൻഡിലേക്കോ പോകൂ!' എന്നു അക്രമികൾ ആക്രോശിച്ചതായും വൈദികൻ വെളിപ്പെടുത്തി.

പശ്ചിമ ബംഗാളിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവ സ്ഥാപനങ്ങളെ ലക്ഷ്യമിട്ട് നടക്കുന്ന ആസൂത്രിത അതിക്രമങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിച്ചില്ലെങ്കിൽ അത് ന്യൂനപക്ഷങ്ങൾക്കെതിരായ കൂടുതൽ ആക്രമണങ്ങൾക്ക് വഴിതുറക്കുമെന്ന് ബംഗാൾ ക്രിസ്ത്യൻ കൗൺസിൽ പറയുന്നു. ഭരണഘടന ഉറപ്പുനൽകുന്ന സാമുദായിക ഐക്യവും മതേതര മൂല്യങ്ങളും സംരക്ഷിക്കുന്നതിന് ഒരുമിച്ച് നിൽക്കണമെന്ന് സഭാനേതാക്കളോടും, സിവിൽ സൊസൈറ്റി ഗ്രൂപ്പുകളോടും, സംസ്ഥാനത്തുടനീളമുള്ള പൗരന്മാരോടും സംഘടന അഭ്യർത്ഥിച്ചിട്ടുണ്ട്. പശ്ചിമ ബംഗാളിലെ 90 ദശലക്ഷം ജനങ്ങളിൽ ക്രിസ്ത്യാനികൾ ഒരു ശതമാനത്തിൽ താഴെയാണ്, അതിൽ 70 ശതമാനം ഹിന്ദുക്കളും 27 ശതമാനം മുസ്ലീങ്ങളുമാണ്.

THENILUM MADHURAM
#thenilum madhuram
ക്രിസ്തീയ യൂട്യൂബ് ചാനൽ (മാത്യൂസ് തിരുവല്ല)
ക്രിസ്തീയ/മലയാളം പ്രോഗ്രാമുകൾ
കേൾക്കാനും കാണാനും
അനുഗ്രഹം പ്രാപിക്കാനും
ഞങ്ങളുടെ ഈ യൂട്യൂബ് ലിങ്ക് സന്ദർശിക്കുക
ഫോളോ ചെയ്യുക മറ്റുള്ളവരിലും എത്തിക്കുക...
www.youtube.com/@mathewsthiruvalla | 9447795990



ഹെബ്രോൻ ബൈബിൾ കോളേജ് ഗ്രാജുവേഷൻ



കുമ്പനാട്: ഐപിസി കേരള സ്റ്റേറ്റ് ഹെബ്രോൻ ബൈബിൾ കോളേജിന്റെ 34-ാമത് ബാച്ചിന്റെ പി.ജി ഗ്രാജുവേഷൻ സർവീസ് കുമ്പനാട് മുട്ടുമൺ ഐസിപിഎഫ് ഹാളിൽ നടന്നു. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ 119 ശുശ്രൂഷകർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും മുഖ്യശുശ്രൂഷയും ഐപിസി കേരള സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് നിർവഹിച്ചു. ഐപിസി കേരള സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ ഷിബു നെടുവേലിൽ അധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ മുഖ്യസന്ദേശം നൽകി. പി.ജി.ബോർഡ് ചെയർമാൻ പാസ്റ്റർ എൻ.വി ജയകുമാർ, പി.ജി. ബോർഡ് സെക്രട്ടറി പീറ്റർ മാത്യു കല്ലൂർ, പി.ജി. കോഴ്സ് ഡീൻ പാസ്റ്റർ നിബു മാത്സൺ, ജോ.സെക്രട്ടറി ജോൺസൺ പന്തളം എന്നിവർ നേതൃത്വം നൽകി. ഐപിസി കേരള സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറി പാസ്റ്റർ കെ.സി. ഉമ്മൻ അനുഗ്രഹ പ്രാർത്ഥന നടത്തി.

ജോയിന്റ് സെക്രട്ടറി ഗ്ലാഡ്സൺ ജേക്കബ്, ട്രഷറർ ബിനു വി. ജോർജ്, സൺഡേസ്കൂൾ ഡയറക്ടർ പാസ്റ്റർ സാജൻ സി. ജേക്കബ്, സോഷ്യൽ വെൽഫെയർ ബോർഡ് ചെയർമാൻ സജി മത്തായി കാതേട്ട് തുടങ്ങിയവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. ഗ്രാഡ്ജുവേറ്റു ചെയ്ത എല്ലാവർക്കും എത്രയും വേഗം ഇവാഞ്ചലിസ്റ്റിന്റെ ഐഡന്റിറ്റി കാർഡുകൾ നൽകുമെന്നും അടുത്ത ബാച്ചിലേക്കുള്ള(35-ാമത്) അഡ്മിഷൻ ആരംഭിച്ചതായും അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയതായും സെക്രട്ടറി പീറ്റർ മാത്യു കല്ലൂർ അറിയിച്ചു.







പ്ലോട്ടുകൾ വില്പനയ്ക്ക്



ഇരവിപേരൂർ
പൊയ്കയിൽ
പടിയിൽ
7.5 cent 9 plots
(80 സെന്റ് സ്ഥലം)
വിൽപ്പനയ്ക്ക്

ഫോൺ: 94471 64393



നീ..എനിക്ക്.. എന്ത് തരും?



എ.ഐ. ജോർജ്ജുകുട്ടി
aigeorgekutty@gmail.com
9496597766

മലയാളി ചെല്ലാത്ത ഒരിടവും ലോകത്തിൽ ഇല്ല എന്ന് പൊതുവെ പറയാറുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിൽ ഒരേ തൊഴിലിന് പല കൂലിയും പ്രതിഫലവുമാണ് ലഭിക്കുന്നത്. കഠിനാദ്ധ്വാനം ചെയ്ത് പണമുണ്ടാക്കി അതുപയോഗിച്ച് മെച്ചപ്പെട്ട ജീവിതനിലവാരവും സൗകര്യങ്ങളുമെല്ലാം കെട്ടിപ്പടുക്കുക ആളുകളുടെ വലിയ സ്വപ്നങ്ങളാണ്. അതിനായിട്ടാണ് കാലങ്ങളായി നമ്മുടെ നാട്ടിൽനിന്ന് മറ്റ് സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും തൊഴിലവസരങ്ങൾ തേടി ആളുകൾ ചേക്കേറുന്നതും അടുത്തിടെയായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്ന് തൊഴിൽ തേടി ആളുകൾ നമ്മുടെ നാട്ടിലേക്ക് വരുന്നതും. ലക്ഷക്കണക്കിന് രൂപാ മുടക്കി അനേകം വിദ്യാർത്ഥികൾ ഉപരിപഠനാർത്ഥം യൂറോപ്പ്, കാനഡ, ആസ്ട്രേലിയ മുതലായ ദേശങ്ങളിലേക്ക് പോകുന്നതും ഈ ലക്ഷ്യങ്ങളോടെയാണല്ലോ.

ഉല്പത്തി 15:1-ൽ "ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു" എന്ന വചനത്തിന്റെ പശ്ചാത്തലത്തിലായി രണ്ട് കാര്യങ്ങൾ ചേർത്തു ചിന്തിക്കാം: ഉല്പത്തി 12-ൽ അബ്രഹാമിനോട് "നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ട് പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോവുക..." എന്ന് ദൈവം പറഞ്ഞപ്പോൾ അനുസരിച്ചതിന് നിശ്ചയമായും പ്രതിഫലം നല്കും എന്ന സൂചനയാണ് ഒന്നാമത്തേത്.

രണ്ടാമതായി: 14-ാം അദ്ധ്യായത്തിൽ അബ്രഹാം ജാതികളുടെ രാജാക്കന്മാരെയുദ്ധത്തിൽ തോല്പിച്ച് ലോത്തിനെയും കുടുംബത്തെയും സോദോം നിവാസികളെയുമെല്ലാം മോചിപ്പിച്ച് തിരിച്ചുകൊണ്ടുവന്നപ്പോൾ "ആളുകളെ എനിക്ക് തരിക, സമ്പത്ത് നീ എടുത്തുകൊള്ളുക" എന്ന് സോദോം രാജാവ് പറഞ്ഞതിന് മറുപടിയായി: "ഞാൻ അബ്രാമിനെ സമ്പന്നനാക്കി എന്ന് നീ പറയാതിരിപ്പാൻ ഞാൻ ഒരു ചരടാകട്ടെ ചെരിപ്പുവാറാകട്ടെ നിനക്കുള്ളതിൽ യാതൊന്നുമാകട്ടെ എടുക്കയില്ല" എന്ന് അബ്രഹാം ദൈവത്തിങ്കലേക്ക് കൈ ഉയർത്തി സത്യം ചെയ്ത സംഭവം. യുദ്ധം ജയിച്ചു വരുന്നവർക്ക് പ്രതിഫലം ആ യുദ്ധത്തിൽ ശത്രുക്കളുടെ കയ്യിൽനിന്ന് പിടിച്ചെടുക്കുന്ന മുതൽ ആണ്. എന്നാൽ ദൈവത്തിന്റെ നാമം മഹത്വപ്പെടാൻ തടസ്സമാകും എന്നതിനാലാണ് അബ്രഹാം അത് വിട്ടുകളഞ്ഞത്. ദൈവം തന്നെ സമ്പന്നനാക്കി എന്നതിന് പകരം സോദോം രാജാവ് അബ്രഹാമിനെ സമ്പന്നനാക്കിയെന്ന് അവകാശപ്പെടാൻ ഒരു കാലത്തും ഇടയാകരുതെന്ന് അബ്രഹാമിന് നിർബന്ധമുണ്ടായിരുന്നു. അതിനാൽ ആ വലിയ ധനം മുഴുവനും ദൈവത്തെപ്രതി ത്യജിക്കുകയാണ് അബ്രഹാം ചെയ്തത്.



ഈ രണ്ട് സംഗതികളുടെയും പശ്ചാത്തലത്തിലാണ് "ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു എന്ന ദൈവ വാഗ്ദത്തം ലഭിക്കുന്നത്. എന്നാൽ അതിന് മറുപടിയായി തെല്ലൊരു നിരാശയോടെയാണ് "കർത്താവായ യഹോവേ, നീ എനിക്ക് എന്ത് തരും?..." എന്ന് അബ്രഹാം ദൈവത്തോട് ചോദിക്കുന്നത്. നാം ചെയ്യുന്ന കാര്യങ്ങൾക്കാണ് പ്രതിഫലം ലഭിക്കുന്നത്. സകല സൽപ്രവൃത്തിയും ആതുരസേവനങ്ങളും അടിസ്ഥാനപ്പെട്ടിരിക്കുന്നത് 'ദൈവത്തിന് വേണ്ടി ചെയ്യുന്ന സകലത്തിനും നിശ്ചയമായും പ്രതിഫലം ലഭിക്കും' എന്ന വിശ്വാസത്തിന്മേലാണല്ലോ. ക്രിസ്തുവിന്റെ നാമത്തിൽ ഒരു പാനപാത്രം തണ്ണീർ എങ്കിലും കുടിപ്പാൻ നല്കിയാൽ അതിനും പ്രതിഫലം ലഭിക്കാതെപോകയില്ല എന്ന് കർത്താവ് തന്നെ വാഗ്ദത്തം ചെയ്യുന്നു.

ഇന്ന് സത്യമാർഗ്ഗം അറിഞ്ഞിട്ടും അതിനുവേണ്ടി പിതൃഭവനത്തെയും (പാരമ്പര്യം) ദേശത്തെയും (സാമൂഹ്യ പദവികൾ) ചാർച്ചക്കാരെയും (ഉറ്റവരുടെ സ്വാധീനവും പ്രിയവും) ത്യജിക്കുവാൻ തയ്യാറല്ലാത്തവരാണ് ഏറെയും. കഴിഞ്ഞ നാളുകളിൽ കൃപയിലേക്ക് വന്നവരുടെ കാതുകളിൽ, "സമ്പത്ത് നീ എടുത്തുകൊൾക" എന്ന സോദോം രാജാവിന്റെ വാക്കുകൾ ആവർത്തിച്ച് മുഴങ്ങിക്കൊണ്ടിരിക്കും. "ജീവനത്തിന്റെ പ്രതാപം" എന്ന ആ പരീക്ഷകർത്താവിനുനേരെയും പിശാച് പ്രയോഗിച്ചുനോക്കി. ലോകത്തിലെ സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ച് അതെല്ലാം വളരെ എളുപ്പത്തിൽ സ്വന്തമാക്കുവാനുള്ള കുറുക്കുവഴി സാത്താൻ യേശുവിനു മുമ്പാകെ വച്ചു. പിശാചിനെ തോല്പിച്ച് അത് സ്വന്തമാക്കുന്നത് വളരെ പ്രയാസമുള്ള കഠിനമായ വഴിയാണ്. പിശാചിനെ വണങ്ങി നമസ്കരിക്കുന്നപക്ഷം യാതൊരു ക്ലേശവും അപമാനവും കഷ്ടവും വേദനയും കൂടാതെ അത് കൈവശപ്പെടുത്താം. അത് പക്ഷേ, "ഞാൻ അബ്രാമിനെ സമ്പന്നനാക്കി"യെന്ന് സോദോം രാജാവ് പറയുന്നതിന് സമാനമായിത്തീരും. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ക്രിസ്തുവിന് ലഭിച്ചത് പിശാചിനെ വണങ്ങിയല്ല, ക്രൂശിൽ സാത്താനെ തോല്പിച്ചുകൊണ്ടായിരുന്നു. ക്രിസ്തുവിനെ പിതാവാം ദൈവം സകലത്തിനും മീതെ അത്യന്തം ഉയർത്തി, സകലത്തെയും കാല്ക്കീഴെയാക്കിയത് ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി ത്തീർന്നതുകൊണ്ടാണെന്ന് തിരുവെഴുത്ത് പറയുന്നു (ഫിലി. 2:9; എഫെ. 1:20-22). കർത്താവിനെ ഒറ്റിക്കൊടുക്കാൻ യൂദാസിന്റെ മനസ്സിൽ "സമ്പത്ത് നീ എടുത്തുകൊള്ളുക" എന്ന ശബ്ദം ആയിരക്കണക്കിന് പ്രാവശ്യം ആവർത്തിച്ച് മുഴങ്ങിയിരിക്കാം! എന്നാൽ വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റെ കാതുകളിൽ ദൈവം അരുളിച്ചെയ്ത, "ഞാൻ നിന്റെ അതിമഹത്തായ പ്രതിഫലം ആകുന്നു" എന്ന വചനമാണ് നിരന്തരം മുഴങ്ങിയത്; അത് തന്നെയായിരിക്കട്ടെ ഓരോ വിശ്വാസിയുടെയും കാതുകളിൽ ആവർത്തിച്ച് പ്രതിധ്വനിക്കുന്നത്. "നീ എനിക്ക് എന്ത് തരും?" എന്ന ചോദ്യത്തിനെതിരേ "ലോകം നമുക്ക് എന്തു തരും?" എന്ന ചോദ്യം വച്ചിട്ട് താരതമ്യം ചെയ്യുക. "പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്കപ്പെടുന്നത് നിരസിക്കുകയും മിസ്രയീമിലെ സകല നിക്ഷേപങ്ങളെക്കാളും ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്ത" മോശയെപ്പോലെ വിശ്വാസവീരന്മാരുടെ ഗണത്തിലേക്ക് ഉയരുവാൻ ഈ വിലയിരുത്തൽ ഇന്ന് അത്യാവശ്യമാണ്.

തന്റെ സന്തതസഹചാരിയായിരുന്ന ദേമാസിനെക്കുറിച്ച്: "വൈദ്യനായ പ്രിയ ലൂക്കോസും ദേമാസും നിങ്ങളെ വന്ദനം ചെയ്യുന്നു'' എന്ന് ഒരിക്കൽ പറഞ്ഞ (കൊലോ. 4:14)പൗലോസ് അപ്പോസ്തലൻ "ദേമാസ് ഈ ലോകത്തെ സ്നേഹിച്ചിട്ട് എന്നെ വിട്ട് തെസ്സലോനീക്കയിലേക്ക് പോയി...ലൂക്കോസ് മാത്രമേ എന്നോടുകൂടെ ഉള്ളൂ" എന്ന് മറ്റൊരിടത്ത് (2തിമോ. 4:10-11)രേഖപ്പെടുത്തുന്നു. അക്കാലത്ത് സ്വർണ്ണഖനികൾ ധാരാളം ഉണ്ടായിരുന്ന ഒരു സ്ഥലമായിരുന്നു തെസ്സലോനീക്ക. മുപ്പത് വെള്ളിക്കാശിന് ക്രിസ്തുവിനേക്കാൾ വില കല്പിച്ച യൂദാസിന്റെ മനസ്സിൽ കുടിയിരുന്ന പിശാച് തന്നെ ദേമാസിന്റെ ഉള്ളിലും കയറിപ്പറ്റി. അതുകൊണ്ടത്രേ "ദേമാസ് ഈ ലോകത്തെ സ്നേഹിച്ചിട്ട്" എന്ന് പൗലോസിനെക്കൊണ്ട് പരിശുദ്ധാത്മാവ് പ്രത്യേകം കുറിപ്പിച്ചത്. ദേശവും പിതൃഭവനവും ചാർച്ചക്കാരും സോദോം രാജാവും എല്ലാം ചുറ്റിനും കൂടി നമ്മുടെ 'മഹാപ്രതിഫല'ത്തെ നഷ്ടമാക്കിക്കളയാൻ നമ്മെ വശീകരിക്കരുത്!

കൃത്രിമബുദ്ധി മനുഷ്യരാശിയുടെ നാശത്തിന് കാരണമാകുമോ?

(1-ാം പേജ് തുടർച്ച)

നാൽ അത് തന്റെ വ്യക്തിപരമായ വിലയിരുത്തൽ മാത്രമാണെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

'പ്രശ്നം എ.ഐ. നമ്മെ വെറുക്കുമോ എന്നതല്ല' ഹിന്റന്റെ ആശങ്കയുടെ കേന്ദ്രത്തിൽ ഒരു പ്രധാന ചോദ്യമാണ്, മനുഷ്യനേക്കാൾ വളരെ ശക്തവും ബുദ്ധിശാലിയുമായ ഒരു എ.ഐ. സംവിധാനത്തെ മനുഷ്യന് നിയന്ത്രിക്കാൻ കഴിയുമോ എന്നത്.

ഭാവിയിൽ മനുഷ്യനേക്കാൾ വളരെ ബുദ്ധിശക്തിയുള്ള എ.ഐ. രൂപപ്പെട്ടാൽ, അത് മനുഷ്യരെ ഇല്ലാതാക്കാൻ ആഗ്രഹിക്കണമെന്നില്ലെന്നാണ് ഈ മേഖലയിലെ ഗവേഷകർ ചൂണ്ടിക്കാട്ടുന്നത്. മനുഷ്യർ നിശ്ചയിച്ച ലക്ഷ്യവും എ.ഐ. ആ ലക്ഷ്യം കൈവരിക്കാൻ സ്വീകരിക്കുന്ന മാർഗങ്ങളും തമ്മിൽ വ്യത്യാസമുണ്ടാകുന്നതാണ് വലിയ അപകടം. ഒരു പ്രത്യേക ലക്ഷ്യം പരമാവധി കാര്യക്ഷമമായി നേടാൻ ശ്രമിക്കുന്ന എ.ഐ.യുടെ പ്രവർത്തനത്തിന് മനുഷ്യർ തടസ്സമാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടാൽ, മനുഷ്യർ പ്രതീക്ഷിക്കാത്ത തീരുമാനങ്ങളിലേക്ക് അത് നീങ്ങാനുള്ള സാധ്യതയാണ് ഗവേഷകരെ ആശങ്കപ്പെടുത്തുന്നത്. ഇതിനെയാണ് എ.ഐ. ഗവേഷണത്തിൽ 'Allignment Problem' എന്ന് വിളിക്കുന്നത്. നിലവിലുള്ള എ.ഐ. സംവിധാനങ്ങൾക്ക് മനുഷ്യരാശിയെ സ്വതന്ത്രമായി നിയന്ത്രിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യാനുള്ള കഴിവുണ്ടെന്ന് ശാസ്ത്രീയ തെളിവുകളില്ല. എന്നാൽ ഭാവിയിൽ കൂടുതൽ സ്വയംഭരണശേഷിയുള്ള എ.ഐ. സംവിധാനങ്ങൾ രൂപപ്പെടുന്ന സാഹചര്യത്തിലാണ് ആശങ്ക.

ഇന്നത്തെ chatbot-കൾ പ്രധാനമായും മനുഷ്യരുടെ നിർദ്ദേശങ്ങൾക്ക് പ്രതികരിക്കുന്ന സംവിധാനങ്ങളാണ്. എന്നാൽ AI agents കൂടുതൽ വികസിച്ചാൽ, അവയ്ക്ക് ഒരു ലക്ഷ്യം നൽകി അതിനായി സ്വയം പദ്ധതിയിടാനും വിവിധ കമ്പ്യൂട്ടർ സംവിധാനങ്ങൾ ഉപയോഗിക്കാനും പ്രവർത്തനങ്ങൾ നടത്താനും ഫലങ്ങൾ പരിശോധിച്ച് അടുത്ത നടപടികൾ തീരുമാനിക്കാനും കഴിയും. ഇത്തരം സംവിധാനങ്ങളുടെ കഴിവ് വർധിക്കുന്നതോടെ മനുഷ്യ മേൽനോട്ടത്തിന്റെ പ്രാധാന്യവും അതിന്റെ ബുദ്ധിമുട്ടും വർധിക്കുന്നു. മനുഷ്യരുടെ താൽപര്യങ്ങളെ മുൻനിർത്തി പ്രവർത്തിക്കുന്ന തരത്തിൽ എ.ഐ. സംവിധാനങ്ങളെ രൂപകൽപ്പന ചെയ്യാൻ കഴിഞ്ഞാൽ മനുഷ്യനും എ.ഐ.യും തമ്മിലുള്ള ഭാവി സഹകരണമാകാമെന്ന പ്രതീക്ഷയും ജെഫ്രി ഹിന്റൺ പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ മനുഷ്യനേക്കാൾ പലമടങ്ങ് ബുദ്ധിശക്തിയുള്ള സംവിധാനങ്ങളെ എങ്ങനെ നിയന്ത്രിക്കാമെന്നതിന്റെ പൂർണ പരിഹാരം മനുഷ്യർക്ക് ഇപ്പോഴും ലഭിച്ചിട്ടില്ലെന്നതാണ് അദ്ദേഹത്തിന്റെ പ്രധാന ആശങ്ക. എന്നാൽ എ.ഐ. സൃഷ്ടിക്കുന്ന ചില അപകടങ്ങൾ ഇതിനകം തന്നെ യാഥാർഥ്യമായിക്കഴിഞ്ഞു.

വ്യാജവാർത്തയും Deep-fakeഉം

എ.ഐ. ഉപയോഗിച്ച് യഥാർഥമെന്ന് തോന്നിക്കുന്ന വ്യാജ ചിത്രങ്ങളും വീഡിയോകളും ശബ്ദങ്ങളും സൃഷ്ടിക്കാൻ കഴിയുന്നു. ഇതിലൂടെ വ്യക്തികളെ അപകീർത്തിപ്പെടുത്താനും പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും വിവരവ്യവസ്ഥയിൽ വിശ്വാസം കുറയ്ക്കാനും കഴിയും. ശാസ്ത്രീയ തെളിവിന്റെയും ഉത്തരവാദിത്തത്തിന്റെയും അടിസ്ഥാനത്തിൽ എ.ഐ. യുടെ ഭാവിയെ സമീപിക്കുകയാണ് മനുഷ്യരാശിക്ക് മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി.

കാരണം ഒടുവിൽ ചോദ്യം ഇതല്ല: 'എ.ഐ. മനുഷ്യരാശിയെ നശിപ്പിക്കുമോ?' അതിലും പ്രധാനപ്പെട്ട ചോദ്യം: 'മനുഷ്യരാശി എ.ഐ.യുടെ ശക്തിയെ ഉത്തരവാദിത്തത്തോടെ നിയന്ത്രിക്കാൻ പഠിക്കുമോ?' എന്നതാണ്.

മതപരിവർത്തനനിരോധനനിയമം....

നിയെ എങ്കിലും നാമനിർദ്ദേശംചെയ്യണമെന്ന് പ്രതിനിധി സംഘം മല്ലികാർജുൻ ഖാർഗെയോട് ആവശ്യപ്പെട്ടു.

മൈസൂർ ബിഷപ് ഫ്രാൻസിസ് സെറാവു, മംഗലാപുരം ബിഷപ് പീറ്റർ പോൾ, ബംഗളൂരുവിലെ ആശിർവാദ് ജെസ്യൂട്ട് സെന്റർ ഡയറക്ടർ ഫാ. അരുൺ ലൂയിസ് എന്നിവർ പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നു.

ബിജെപി ഭരിക്കുമ്പോൾ 2022 സെപ്റ്റംബറിലാണ് മതപരിവർത്തന നിരോധന നിയമം കർണാടകയിൽ പ്രാബല്യത്തിൽ വന്നത്. നിയമം കൊണ്ടുവരുന്നതിനെതിരെ കത്തോലിക്ക സഭ നിരവധി പ്രതിഷേധ പരിപാടികൾ നടത്തിയിരുന്നു. ആ എതിർപ്പുകൾ അവഗണിച്ചായിരുന്നു നിയമം പാസാക്കിയത്.

ചെന്നൈയിൽ മലയാളം ആരാധന



Pastor. C.K. Reji

ചെന്നൈയിൽ പുതിയതായി വരുന്നവരെ
മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet, Airport നും Tambaram ത്തിനും
നടുക്ക് Church of God (Full Gospel)

SUNDAY CLASS 9- 10 AM

Phone - 22411060, Mob: 9382599333

MM71/26 Pentecostal boy (Nair background), 35 yrs, 175 cm, Wheatish, Legally divorced. Working as HVAC/R-Engineering Technician in Malta. Seeking suitable alliances from Pentecostal girls.

Ph. 9645681023
7025423796,
+91 72004 28001

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 70/26 Syrian Christian Pentecostal parents invite proposal for their daughter 28 (15 July 1998), MBA, Worked at Ernst and Young as Tax Analyst. Now working at Deloitte. Seeking alliance from parents of spiritual and educated boys.

Ph: 9447069885
9447248221

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 69/26 ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ്. 40 വയസ്സ്, 150 സെ.മീ. ഉയരം. പുനർ വിവാഹം. കുവൈറ്റിൽ ജോലി. രക്ഷിക്കപ്പെട്ടു ദൈവകൃപയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9539927758,
+96569603367 (w)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 68/26 ചേരമർ ക്രിസ്ത്യൻ സി.എ സ്സ്.ഐ. സഭാംഗമായ യുവാവ്. 41 വയസ്സ്, 160 സെ.മീ. ഉയരം. കോട്ടയം കുമരകത്ത് റിസോർട്ടിൽ ജോലി. പുനർ വിവാഹം. ബാധ്യതകൾ ഒന്നുമില്ല. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

6238207715

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 67/26 ചേരമർ ക്രിസ്ത്യൻ സി.എ സ്സ്.ഐ. സഭാംഗമായ യുവതി. 40 വയസ്സ്. ബി.എ സ്സ്.സി. നെഴ് സ്. കേരളത്തിൽ സ്വകാര്യ ആശുപത്രിയിൽ ജോലി. പുനർ വിവാഹം. ബാധ്യതകൾ ഇല്ലഅനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

6238207715

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 66/26 പെന്തെക്കോസ്ത് യുവാവ്. 40 വയസ്സ്, 150 സെ.മീ. ഉയരം. പുനർ വിവാഹം. കുവൈറ്റിൽ ജോലി. രക്ഷിക്കപ്പെട്ട് ദൈവകൃപയുള്ള പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9539927758,
+96569603367 (w)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 65/26 കോട്ടയത്തെ പ്രമുഖ സ്വകാര്യസ്ഥാപനത്തിൽ ജോലിയുള്ള ഹൈന്ദവ പശ്ചാത്തലത്തിൽ ' നിന്ന് പന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 32 വയ ??. 168 സെ.മീ. ഉയരം.അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ജാതി ഏതുമാകാം.

9567045696, 8139066416

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 64/26 കോട്ടയത്തുള്ള ഡിസ്റ്റിബ്യൂഷൻ കമ്പനിയിൽ ജോലിയുള്ള യാക്കോബായ സഭാംഗമായ യുവാവ്. 33 വയസ്. +2, ഐ.റ്റി. ഐ., അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9605122023,
9544205573

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 63/26 മധ്യ തിരുവിതാം കൂറിലെ എയ്ഡഡ് സ്കൂളിൽ സ്ഥിരം ജോലിയുള്ള ബ്രദറൺ യുവാവ്. 36 വയസ്. 175 സെ.മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

7510358336

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 62/26 ആക്സിസ് ബാങ്കിൽ എൻ. ആർ.എ. ഡപ്യൂട്ടി മാനേജരായി ജോലിയുള്ള പെന്തെക്കോസ്ത് യുവാവ്. 30 വയസ്. 157 സെ. മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9207567206

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 61/26 നായർ സമുദായത്തിൽനിന്നും പെന്തക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 35 വയസ് 175 സെ.മീ. ഉയരം. വെളുത്ത നിറം, നിയമപരമായി. വിവാഹ ബന്ധം വേർപെടുത്തി യത്. മാൾട്ടയിൽ HVAC/ R എൻജിനിയറിംഗ് ടെക്നീ ഷ്യനായി ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9645681023, 7025423796,
+35699408080 (w)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 60/26 US-settled, God-fearing Christian boy (26), professionally qualified with degree in business studies, currently employed with a multinational company, well-settled, talented, and family-oriented. Parents are seeking a suitable God-fearing Christian girl, preferably from the medical field, for marriage. For further details, please contact:

469-858-2999

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 59/26 Syrian Christian Pentecostal parents from Pathanamthitta District invite suitable proposals for their son, 45 yrs, widower since 7 years, Pastoring a church and involved in church planting ministry across India, with B.A, M.Div, ITES and persuing Doctorate from a reputed international University.
Parents of suitable girls/widows who have a calling for full-time ministry please contact

+91 9847854225

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 58/26 CNI parents Mumbai invite proposals for their daughter, 32, DOB: 03.11.1993, 5.2ft, B.Sc. Zoology, B.Ed. MSc., M.Ed., MA English Literature., MSW, Teacher. Seeking suitable alliance from God fearing ministry minded person from anywhere in India or abroad. Better job or Business person.

9969819656
Email:
chauhansurekha311@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 57/26 ആക്സിസ് ബാങ്കിൽ എൻ. ആർ.എ. ഡപ്യൂട്ടി മാനേജരായി ജോലിയുള്ള പെന്തെക്കോസ്ത് യുവാവ്. 30 വയസ്. 157 സെ.മീ. ഉയരം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9207567206

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 56/26 ചേരമർ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ്. 29 വയസ്. 162 സെ.മീ.ഉയരം. ഹോട്ടൽ മാനേജ്മെന്റ് ഡിപ്ലോമ. കൊച്ചിയിൽ സ്റ്റാർ ഹോട്ടലിൽ എഫ്& ബി. മാനേജരായി ജോലി. അനു യോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.'

9567525255, 9744043028

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 55/26 തന്റേതല്ലാത്ത കാരണത്താൽ നിയമപരമായി വിവാഹമോചിതയായ പെന്തക്കോസ്ത് യുവതി. 28 വയസ്. 150 സെ.മീ., ബി.എ.,അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9744632187

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM 53/26 Syrian Christian Pentecostal parents invite proposals for their daughter, 25, DOB : 20/07/2000, 164 cm, 52 kg, BTech(Computer Science) , Worked as Quality Assurance Engineer for 1 year and 7 months, Now pursuing Masters in Engineering Management from La Trobe University, Melbourne, Australia (Final Year). Seeking proposals from boys who is baptized, well-educated, and professionally qualified. Preference to those who are settled in Australia.

9446685615

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM52/26 Pentecostal boy, 26, (March 1999), 183cm, Msc International Business Management with Project Management - Kingston University London. B.Com. Kristu Jyoti College Changanacherry. Current Profession: Team Leader@No1 Lounges Ltd, Heathrow Airport London. With prayers and God's guidance, our family is looking for God fearing, educated, baptized Pentecost girl who is warm-hearted, understanding, positive and rooted in Christian faith. Preference for someone settled or working abroad.

Phone father: +919447008566
Mother: +919446867777

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM51/26 ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 28 വയസ്സ്, 153 സെ.മീ. ഉയരം. ഡി.എം.എൽ. റ്റി., ലാബ്ടെക്നീഷ്യനായി ജോലി. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8301892407, 8330814516

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM50/26 യു.എ.ഇയിൽ ഫാർമസിസ്റ്റായി ജോലിയുള്ള, ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവതി. 30 വയസ്സ്, 158 സെ.മീ. ഉയരം. ബി.ഫാം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലി യുള്ളവർക്ക് മുൻഗണന.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM49/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born again, god fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM48/26 മധ്യ തിരുവിതാംകൂറിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുന്ന ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 26 വയസ്സ്, 5',3' ഉയരം. എം.ബി.ബി.എസ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM47/26 നായർ സമുദായത്തിൽനിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 35 വയസ്. പുനർവിവാഹം. 170 സെ.മീ. ഉയരം. മാൾട്ടയിൽ എൻജിനിയറിംഗ് ടെക്നീഷ്യൻ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9645681023, 7025423796

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM46/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born-again, god-fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM44/25 Pentecostal parents invite proposal for our daughter (Minimal Ornament Wearing) 29 years, 5' 1", 13/3/1996. Professional qualifications- Masters in Development studies and Bachelor's in social work. Presently working in Bangalore. Parents of God fearing, professionally qualified and employed boys, in India or abroad please contact by phone

WhatsApp +9181130 34181
or email ptk0371@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM41/25 Syrian Christian Pentecostals parents from Chennai, invite proposal for their son, 25 (January 2000), 182 cm, B E from Anna University, MBA (University of East London) Currently working at NHS Barts Health as Maternity Admin, UK. Seeking suitable alliance from parents of spiritual and educated girls in India or abroad.

Ph: 9444951080, 9382599333
ckreji@gmail.com,
ckreji@hotmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖



MARUPPACHA
Samakalika Pathrika
Planthottam Complex
Tiruvalla - 689 101

മരുപ്പച്ച
സമകാലിക പത്രിക

www.maruppacha.com

സെപ്തംബർ 2026

REGISTERED NEWSPAPER
R N I Reg No. 67619/97
Postal Reg. No.**KL/TLA/100/2025-27**
License No. **KL/TLA/WPP/116/2025-27**
Date of Publication 20 - 09 - 2026

സത്യം പബ്ലിക്കേഷൻസ്

മലയാളം – ഇംഗ്ലീഷ് പഠന ബൈബിൾ

പ്രീ പബ്ലിക്കേഷൻ ബുക്കിംഗ്

ഏഴാം പതിപ്പ്

ഇംഗ്ലീഷ് ബൈബിളിന്റെ സൗകുമാര്യവും
മലയാളം ബൈബിളിന്റെ ആശയ സ്ഫുടതയും
സമന്വയിപ്പിച്ച പഠന ബൈബിൾ



മുഖവില
₹2500
പ്രീ പബ്ലിക്കേഷൻ
₹1700

ഈ ബൈബിളിന്റെ പ്രത്യേകതകൾ

- കൂടുതൽ വലിയ അക്ഷരം
- ഇംഗ്ലീഷ് ബൈബിളും മലയാളം ബൈബിളും ഒരേ പേജിൽ
- ഇംഗ്ലീഷിലും മലയാളത്തിലും വിഷയാധിഷ്ഠിത തലക്കെട്ടുകൾ
- മധ്യഭാഗത്തായി ഒത്തുവാക്യങ്ങൾ മലയാളത്തിൽ
- സമ്പൂർണ്ണ കൺകോർഡൻസ് മലയാളത്തിൽ
- ഓരോ പുസ്തകത്തിന്റെയും ലഘുപഠനക്കുറിപ്പും രൂപരേഖയും
- പഴയ പുതിയ നിയമങ്ങളുടെ ഇടക്കാല ചരിത്രം
- ബൈബിൾ ചരിത്രം, ചിത്രങ്ങൾ, മാപ്പുകൾ
- ബൈബിളിലെ കാലാനുക്രമ ചരിത്രം
- എബ്രായ, ഗ്രീക്ക് വാക്കുകളും അർത്ഥവും

പ്രീ പബ്ലിക്കേഷൻ വ്യവസ്ഥകൾ

പ്രീ പബ്ലിക്കേഷൻ നിരക്ക്: 1700/ രൂപ
പ്രസിദ്ധീകരണ തിയതി: 2026 ഡിസംബർ 25
പ്രീ പബ്ലിക്കേഷൻ അവസാന തിയതി: 2026 ഡിസംബർ 15
പോസ്റ്റൽ ചാർജ് ഫ്രീ

DEEPTHI BOOK HOUSE
Planthottam Complex,
Thiruvalla - 689 101
9961720195 /9961103983

ബുക്കിംഗ് ആരംഭിച്ചു

Shaji Samuel
CPA




shajisamuel.cpa
info@shajisamuel.cpa

Shaji Samuel, CPA

Company & Personal Tax Returns
Bookkeeping & Payroll Services
Business Formation
IRS Representation & Tax Planning
Medicare & Medicaid Cost Reports

2435 N Central Expy, Ste 1277
Richardson, TX 75080
+1 469 782 4423

എന്താണ് മരണം?
മനുഷ്യൻ വെറും ചാമ്പൽ മാത്രമോ?
മറ്റൊന്നുമില്ലേ?
മരണത്തിനപ്പുറം ജീവിതം ഉണ്ടോ?
മരണത്തെയും മരണാനന്തര
ജീവിതത്തെയും
പറ്റി മതങ്ങളും ശാസ്ത്രവും
എന്തുപറയുന്നു?
മരിച്ചവരുടെ ആത്മാക്കളുമായി
നമുക്ക് സംസാരിക്കാൻ കഴിയുമോ?
അവർ ഭൂമിയിലേക്ക് മടങ്ങിവരുമോ?
സ്വർഗ നരകങ്ങൾ യാഥാർത്ഥ്യമോ?
"മരണത്തിനപ്പുറം എന്ത്?" –
നൂറ്റാണ്ടുകളായി മനുഷ്യൻ
ചോദിക്കുന്നു.
മരണ മറയ്ക്കപ്പുറത്തേക്ക്
നമ്മെകൊണ്ടു
പോകുന്ന ഗ്രന്ഥമാണ്
"മരണത്തിനപ്പുറം".



ഗ്രന്ഥകാരൻ:
അച്ചൻകുഞ്ഞ് ഇലന്തൂർ

വില.95

മരണത്തിനപ്പുറം

തിരുവല്ലാ ദീപ്തി ബുക്ക്ഷോപ്പിൽ പുസ്തകങ്ങൾ നേരിട്ട് ലഭിക്കുന്നു
തപാലിൽ വേണ്ടവർ താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക

DEEPTHI PUBLICATIONS
Planthottam Complex, Tiruvalla-1 Kerala, India.

9961720195 / 9961103983

TRAVEL FOR OPPORTUNITIES
BUILD A BRIGHTER TOMORROW

ISRAEL
BUSINESS VISA

TRAVEL | MEET | COLLABORATE | GROW

Your Trusted Travel Partner

HISTORY INSPIRES BUSINESS BUILDS TOMORROW

New Opportunities in a Land of Innovation

BUSINESS MEETINGS
EXPAND YOUR NETWORK
EXPLORE INVESTMENT OPPORTUNITIES



OUR SERVICES INCLUDE

- Guidance on Israel Business Visa requirements
- Document preparation and review
- Appointment scheduling support
- Travel and stay guidance
- End-to-end professional assistance

FOR BUSINESS TRAVELERS GLOBAL OPPORTUNITIES ARE CLOSER THAN YOU THINK



PLAN YOUR TRIP
APPLY WITH CONFIDENCE
TRAVEL SECURELY
ACHIEVE MORE

Contact
9400121000

More than a Destination
A World of Possibilities

BUSINESS | PEOPLE | PROGRESS | ISRAEL

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.